REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിച്ചു.**
  **പുതിയ കാലഘട്ടത്തിന്റെ വികസന മാതൃകയായി വിഴിഞ്ഞം തുറമുഖം നിലനിൽക്കുമെന്ന് പ്രധാനമന്ത്രി.**
- **വികസന സാധ്യതകളിലേക്ക് രാജ്യത്തിന്റെ മഹാകവാടം തുറക്കലാണ് വിഴിഞ്ഞമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **പശുക്കൾക്ക് ചിപ്പ് ഘടിപ്പിച്ച ഇ.സമൃദ്ധ ഹെൽത്ത് കാർഡ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുമെന്ന് മന്ത്രി J ചിഞ്ചുറാണി.**
- **IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളത്തിന്റെ വികസനക്കുതിപ്പിന് കരുത്ത് പകരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിച്ചു.

പുതിയ കാലഘട്ടത്തിന്റെ വികസന മാതൃകയായി വിഴിഞ്ഞം തുറമുഖം നിലനിൽക്കുമെന്നും പുതിയ സാമ്പത്തിക സുസ്ഥിരത നേടിയെടുക്കാൻ വിഴിഞ്ഞം തുറമുഖത്തിലൂടെ സാധിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. അപാരമായ സാധ്യത തുറന്ന് തരുന്ന കടൽത്തീരമാണ് കേരളത്തിന്റേത്. ലോകത്തെ വലിയ ചരക്കുകപ്പലുകൾക്ക് വിഴിഞ്ഞത്തെത്താൻ സാധിക്കുമെന്നും രാജ്യത്തിന്റെ സമ്പത്ത് രാജ്യത്തിന്

തന്നെ ഉപയോഗപ്പെടുത്താൻ വിഴിഞ്ഞത്തിലൂടെ കഴിയുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

വോയ്സ്......HOLD....

മത്സ്യ തൊഴിലാളികൾക്ക് കേന്ദ്ര ഗവൺമെന്റ് പ്രഥമ പരിഗണനയാണ് നൽകുന്നതെന്ന് നരേന്ദ്രമോദി അറിയിച്ചു. ഇതിന്റെ ഭാഗമാണ് പൊന്നാനിയിലെ ഹാർബർ നവീകരണം. ആയിരക്കണക്കിന് മത്സ്യ തൊഴിലാളികൾക്ക് കിസാൻ ക്രഡിറ്റ് കാർഡ് നൽകിയതിലൂടെ അവർക്ക് കോടി കണക്കിന് രൂപയുടെ സഹായം ലഭ്യമാകുമെന്ന് അദ്ദേഹം പറഞ്ഞു.

വിഴിഞ്ഞം തുറമുഖത്തെ ഇപ്പോഴത്തെ ട്രാൻഷിപ്പ്മെന്റ് മൂന്നിരട്ടിയായി വർധിക്കും. സാഗർമാല പദ്ധതിയിലൂടെയും PM ഗതി ശക്തി പദ്ധതിയിലൂടെയും തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവും കണക്റ്റിവിറ്റിയും സാധ്യമാക്കിയതായി പ്രധാനമന്ത്രി വ്യക്തമാക്കി.

തുറമുഖത്തെ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനായിരുന്നു.

ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ്ജ് കുര്യൻ, മന്ത്രി VN വാസവൻ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിലാണ് പ്രധാനമന്ത്രി തുറമുഖം രാജ്യത്തിന് സമർപ്പിച്ചത്.

✪✪✪

വിഴിഞ്ഞം തുറമുഖത്തിന്റെ ഉദ്ഘാടനം കേവലം തുറമുഖ കവാടം തുറക്കലല്ലെന്നും വികസന സാധ്യതകളിലേക്ക് രാജ്യത്തിന്റെ മഹാകവാടം തുറക്കലാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇന്ത്യയെ സാർവദേശീയ മാരിടൈം വ്യാപാര ഭൂപട ശൃംഖലയിൽ കണ്ണിചേർക്കുന്ന മഹാസംരംഭമാണ് വിഴിഞ്ഞം തുറമുഖം. തുറമുഖ നിർമ്മാണച്ചെലവിന്റെ ഏറിയ ഭാഗവും കേരളമാണ് വഹിച്ചതെന്നും 8,686 കോടി രൂപയിൽ 5,371 കോടിയോളം രൂപ സംസ്ഥാനത്തിന്റേതാണെന്നും മുഖ്യമന്ത്രി വെളിപ്പെടുത്തി. 5000 ത്തിലേറെ തൊഴിലവസരങ്ങളാണ് വിഴിഞ്ഞം തുറമുഖം നേരിട്ട് ലഭ്യമാക്കുന്നത്. അതിനപ്പുറം ഇന്ത്യയുടെ മുഴുവൻ വികസനത്തെ വിഴിഞ്ഞം വലിയ തോതിൽ ഭദ്രമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

തങ്കലിപികളാൽ ആലേഖനം ചെയ്യുന്ന ചരിത്ര നിമിഷമാണ് വിഴിഞ്ഞം തുറമുഖം ഉദ്ഘാടനമെന്ന് മന്ത്രി VN വാസവൻ പറഞ്ഞു. മുഖ്യമന്ത്രിയുടെ ഇച്ഛാശക്തി അനേകം പ്രതിസന്ധികളെ മറികടന്ന് തുറമുഖം യാഥാർത്ഥ്യമാക്കാൻ സഹായിച്ചെന്ന് വാസവൻ പറഞ്ഞു.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിനു സമർപ്പിച്ചതോടെ കേരളം ലോക മാരിടൈം ഭൂപടത്തിൽ സ്വയം അടയാളപ്പെടുത്തുകയാണെന്ന് മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. ഇതിലൂടെ വികസനത്തിന്റെ പുതിയ യുഗത്തിന് നാന്ദി കുറിച്ചെന്നും കേരള ഗവണ്മെന്റിന്റെ ഇച്ഛാശക്തിയും ഗവണ്മെന്റിനൊപ്പം നിലയുറപ്പിച്ച നാടിന്റെ കെട്ടുറപ്പുമാണ് ഈ സ്വപ്നം യാഥാർത്ഥ്യമാക്കിയതെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആന്ധ്രാപ്രദേശിലെ അമരാവതിയിൽ 58,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് വൈകിട്ട് തുടക്കമിടും. പൂർത്തീകരിച്ച ഏതാനും പദ്ധതികൾ അദ്ദേഹം നാടിന് സമർപ്പിക്കും. ആന്ധ്രയിലെ ഗ്രീൻ ഫീൽഡ് തലസ്ഥാന നഗരമായ അമരാവതിയിൽ കോർ ക്യാപ്പിറ്റൽ സൗകര്യങ്ങളുടെ നിർമ്മാണവും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

ലോകത്തിലെ ഏറ്റവും വലിയ ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി ഉച്ചകോടി വേവ്സ് 2025 മുംബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെന്ററിൽ രണ്ടാം ദിവസവും തുടരുന്നു. വിദേശകാര്യ മന്ത്രാലയത്തിന്റെ സഹകരണത്തോടെ വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയമാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക എന്നിവയടക്കം അറുപതിലേറെ രാജ്യങ്ങളിലെ പ്രതിനിധികൾ വേവ്സിൽ പങ്കെടുക്കുന്നുണ്ട്. ആഗോള മാധ്യമ മേഖലയിലെ സഹകരണം മികച്ച മാതൃകകളുടെ പ്രോത്സാഹനം, നയരൂപീകരണം, ശേഷി കൈമാറ്റത്തിന്റേയും വികസനത്തിന്റേയും മാർഗങ്ങളിലെ ഗവേഷണം തുടങ്ങിയവയാണ് ഉച്ചകോടി ലക്ഷ്യമിടുന്നത്.

ഉച്ചകോടിയുടെ ആശയം രൂപപ്പെടുത്തി പ്രാവർത്തികമാക്കിയതിന് പ്രധാനമന്ത്രി നരേന്ദ്രമോദിയോട് നന്ദിയുണ്ടെന്ന് നടനും ചലച്ചിത്ര നിർമ്മാതാവുമായ ഷാരൂഖ് ഖാൻ പറഞ്ഞു. വിവിധ മേഖലകളിൽ കേന്ദ്രഗവണ്മെന്റിൽ നിന്ന് പ്രതീക്ഷിക്കുന്ന പിന്തുണയും സഹകരണവും

ഉച്ചകോടിയിലൂടെ ലഭിക്കുമെന്നും ഷാരൂഖ്ഖാൻ അഭിപ്രായപ്പെട്ടു. മാധ്യമ വിനോദ മേഖലയെ ഒരുമിച്ചു കൊണ്ടുവരുന്ന സമയോചിത ഇടപെടലാണ് വേവ്സ് എന്ന് നടി ദീപിക പദുക്കോൺ പറഞ്ഞു.

✪✪✪

ഉള്ളടക്കം, സർഗാത്മകത, സംസ്കാരം എന്നിങ്ങനെ മൂന്ന് തൂണുകളാണ് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പിന്തുണയ്ക്കുന്നതെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് പറഞ്ഞു. മുംബൈയിൽ വേവ്സ് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

CBSE 10,12 ക്ളാസ്സുകളിലെ ഫലം ഇന്ന് പ്രഖ്യാപിക്കില്ല. ഇത് സംബന്ധിച്ച് സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്ത വസ്തുതാ വിരുദ്ധമാണെന്നും ഫലം പ്രസിദ്ധീകരിക്കുന്ന ദിവസം മുൻകൂട്ടി പറയുമെന്നും CBSE അറിയിച്ചു.

✪✪✪

തുടർച്ചയായ എട്ടാം ദിവസവും നിയന്ത്രണരേഖയിൽ പ്രകോപനമില്ലാതെ പാക് പട്ടാളത്തിന്റെ വെടിവെയ്പ്പ്. കുപ്‌വാഡ, ബാരമുള്ള, പൂഞ്ച് ജില്ലകളിലാണ് വെടിവെപ്പുണ്ടായത്.

✪✪✪

മുൻ കേന്ദ്രമന്ത്രിയും രാജസ്ഥാനിലെ മുതിർന്ന കോൺഗ്രസ് നേതാവുമായ ഗിരിജ വ്യാസ് അന്തരിച്ചു. പൊള്ളലേറ്റ് ചികിത്സയിലിരിക്കെയാണ് 78 കാരിയായ അവരുടെ മരണം.

ദേശീയ വനിതാ കമീഷൻ ചെയർ പേഴ്സണായിരുന്ന ഗിരിജ വ്യാസ് രണ്ട് തവണ കേന്ദ്രമന്ത്രിയും, മൂന്നു തവണ ലോക്സഭാംഗമായിരുന്നു.

✪✪✪

രാജ്യത്തെ എല്ലാ റെയിൽവേ സ്റ്റേഷനുകളിലും സ്ഥാപിക്കാൻ പോകുന്ന പുതിയ ഡിജിറ്റൽ ക്ലോക്കുകൾ രൂപകൽപ്പന ചെയ്യുന്നതിന് റെയിൽവേ രാജ്യവ്യാപകമായി മത്സരം പ്രഖ്യാപിച്ചു. പ്ലാറ്റ്ഫോമുകളിലും സ്റ്റേഷനുകളിലും ഉപയോഗിക്കുന്ന ഡിജിറ്റൽ ക്ലോക്കുകൾ ഏകീകരിക്കുക എന്നതാണ് ലക്ഷ്യം.

✪✪✪

പശുക്കൾക്ക് ചിപ്പ് ഘടിപ്പിച്ച ഇ.സമൃദ്ധ ഹെൽത്ത് കാർഡ് പദ്ധതി പത്തനംതിട്ടയിൽ ആദ്യ ഘട്ടത്തിൽ നടപ്പാക്കുമെന്ന് മന്ത്രി J ചിഞ്ചുറാണി പറഞ്ഞു. കേന്ദ്ര സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. മിൽമയുടെ പുതിയ സാമ്പത്തിക വർഷത്തെ ക്ഷീര കർഷക ക്ഷേമ പദ്ധതി ആസൂത്രണ മാർഗരേഖ കോഴിക്കോട്ട് പ്രകാശനം ചെയ്യുകയായിരുന്നു മന്ത്രി. പദ്ധതി മറ്റ് ജില്ലകളിലും നടപ്പാക്കും. പശുക്കളുടെ ഉല്പാദനം ക്ഷമത കൂട്ടാൻ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നതായും മന്ത്രി പറഞ്ഞു.

✪✪✪

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് പദ്ധതിയുടെ ആറാം ഘട്ടത്തിനും തുടക്കമായി. കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ മന്ത്രി J.ചിഞ്ചുറാണി പ്രതിരോധ കുത്തിവെയ്പ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു.

4 മാസത്തിനു മുകളിൽ പ്രായമായ പശു, എരുമ വർഗ്ഗത്തിൽപ്പെട്ട മുഴുവൻ ഉരുക്കളെയും കുത്തിവയ്പിന് വിധേയമാക്കും.

✪✪✪

സിനിമ - സീരിയൽ നടൻ വിഷ്ണുപ്രസാദ് അന്തരിച്ചു. കരൾ രോഗത്തെത്തുടർന്ന് എറണാകുളത്ത് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെ ഇന്നലെ രാത്രിയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

UDF നേതൃയോഗം കോഴിക്കോട് തുടങ്ങി. തദ്ദേശ തെരഞ്ഞെടുപ്പ്, നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളും ചർച്ചയാകും. DCC ഓഫീസിലാണ് യോഗം പുരോഗമിക്കുന്നത്.

✪✪✪

കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന ദേശീയ സരസ് മേളയ്ക്ക് കോഴിക്കോട് ബീച്ചിൽ ഇന്ന് തുടക്കമാകും. കുടുംബശ്രീ സംരംഭകരുടെ പ്രവർത്തനങ്ങളും ഉൽപന്നങ്ങളും ജനങ്ങൾക്ക് അടുത്തറിയാൻ മേള അവസരമൊരുക്കും.

ബീച്ച് ഫ്രീഡം സ്ക്വയറിൽ 50 ഫുഡ് സ്റ്റാളുകളും ഡൈനിങ് ഏരിയയും ഉൾപ്പെടെ 20,000 അടിയിലേറെ വിസ്തൃതിയിൽ ഒരുക്കിയ ശീതികരിച്ച പന്തലിലാണ് ഇതിന്റെ ഭാഗമായ ഭക്ഷ്യമേള നടത്തുന്നത്. 15 ഓളം ഇതര സംസ്ഥാന ഫുഡ് സ്റ്റാളുകളും മേളയിലുണ്ടായിരിക്കും.

✪✪✪

സ്വർണവില കുറഞ്ഞു. ഗ്രാമിന് 20 രൂപ കുറഞ്ഞ് 8,755 ഉം പവന് 160 രൂപ കുറഞ്ഞ് 70,040 രൂപയായി.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കോഴിക്കോട് DCC മുൻകാല കോൺഗ്രസ് നേതാക്കൾക്ക് ആദരം അർപ്പിക്കുന്ന പരിപാടി വൈകിട്ട് സംഘടിപ്പിക്കും. ഉമ്മൻ ചാണ്ടി ഓഡിറ്റോറിയത്തിലെ പരിപാടിയിൽ UDF കൺവീനർ MM ഹസൻ, KPCC മുൻ പ്രസിഡന്റ് K. മുരളീധരൻ, മുൻ മന്ത്രി KC ജോസഫ് തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ആശാപ്രവർത്തകർ സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തുന്ന രാപ്പകൽ സമരം 82-ാം ദിവസത്തിലേക്ക് കടന്നു. ഫെബ്രുവരി 10-നാണ് ആശാപ്രവർത്തകരുടെ സമരം ആരംഭിച്ചത്.

✪✪✪

കണ്ണൂർ പയ്യാവൂരിൽ ഇന്നലെ വൈകിട്ട് നിയന്ത്രണം വിട്ട കാറിടിച്ച് മുത്തശ്ശി യോടൊപ്പം നടന്നുപോവുകയായിരുന്ന മൂന്നുവയസ്സുകാരി മരിച്ചു. ഒറവകുഴിയിൽ നോറയാണ് മരിച്ചത്. മുത്തശ്ശിയെ പരിക്കുകളുടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

കണ്ണൂർ പ്രസ് ക്ലബ്ബിന്റെ ആറാമത് സംസ്ഥാന ജേർണലിസ്റ്റ് വോളിബോൾ ടൂർണമെന്റ് വൈകിട്ട് കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ മന്ത്രി V.അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും.

ജില്ലകളെ പ്രതിനിധാനം ചെയ്ത് മാധ്യമപ്രവർത്തകരാണ് കളത്തിലിറങ്ങുന്നത്. മാധ്യമപ്രവർത്തകരുടെ മത്സരങ്ങൾക്ക് പുറമേ നാളെ ജില്ലയിലെ വിവിധ യുവജന സംഘടന നേതാക്കൾ പങ്കെടുക്കുന്ന വേളിബോൾ മത്സരവുമുണ്ടാകും.

✪✪✪

എറണാകുളം പെരുമ്പാവൂരിൽ 110 ഗ്രാം ഹെറോയിനുമായി നാല് ആസാം സ്വദേശികളെ അറസ്റ്റ് ചെയ്തു. ആലുവയിൽ നിന്നും ഓട്ടോറിക്ഷയിൽ ലഹരിവസ്തുക്കൾ കൊണ്ടുവരുന്നതിനിടയിലാണ് ഇവരെ ASP ശക്തി സിംഗ് ആര്യയുടെ നേതൃത്വത്തിൽ പ്രത്യേക സംഘം അറസ്റ്റ് ചെയ്തത്.

✪✪✪

പാലക്കാട് വേലന്താവളം മുതൽ കുപ്പാണ്ടകൗണ്ടനൂർ ചെക്ക്പോസ്റ്റ് വരെ റോഡ് നവീകരണത്തിന്റെ ഭാഗമായി ഇന്ന് മുതൽ നിർമ്മാണ പ്രവൃത്തി പൂർത്തിയാവുന്നത് വരെ ഗതാഗതം പൂർണ്ണമായും നിരോധിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചു. വേലന്താവളത്ത് നിന്നു കുപ്പാണ്ടകൗണ്ടനൂരിലേക്കും തിരിച്ചും പോകേണ്ട വാഹനങ്ങൾ മല്ലംപതി - കുപ്പാണ്ടകൗണ്ടനൂർ വഴി പോകേണ്ടതാണെന്നും നിർദ്ദേശം നൽകി.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader:  നിമിഷ ജി*
*News Team:, അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*